(ബി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ എല്ലാ ഗസ്റ്റ് ഹൗസുകളിലും മേൽ നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ

138 (2417) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ പദ്ധതിയിട്ടുള്ളത് ;

(സി) ഇതിന്റെ പണി എപ്പോൾ പൂർത്തിയാകും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ളോട്ടിംഗ് ബ്രിഡ്ജ്, ടോയിലറ്റ് കോംപ്ലക്സ് ഇവയുടെ നിർമ്മാണം പൂർത്തിയായി. തുടർന്ന് ഒരു ടോയിലറ്റ്, ഫ്ളോട്ടിംഗ് റെസ്റ്റോറന്റ്, വില്ലേജ് മിനി മാസ്റ്റ് ലൈറ്റിംഗ്, ബോട്ട് സർവ്വീസ് എന്നീ സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുന്നത്.

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.

കുമരകം വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് നടപടി

139 (2418) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ കുമരകം വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് ;

(ബി) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനത്തോടുകൂടി ദേശീയ-അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമായി കുമരകം മാറി ടൂറിസം വകുപ്പ് പങ്കെടുക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന ദേശീയ-അന്തർദേശീയ മേളകളിൽ കുമരകത്തിന് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. കൂടാതെ ദേശീയ-അന്തർദേശീയ മാധ്യമങ്ങളിൽ ടി കേന്ദ്രത്തിന് വലിയ പ്രാധാന്യവും പ്രസിദ്ധീകരണവും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly